# അത്ഭുതം വിരിഞ്ഞ മാലേഗാവ്

**മഹാരാഷ്ട്രയിലെ** പ്രമുഖ തുണിമിൽ കേന്ദ്രങ്ങളിലൊന്നാണ് മാലേഗാവ്. മുംബൈയിലെയും മറ്റും വൻകിട ടെക്സ്റ്റൈൽ മില്ലുകൾ വാങ്ങുന്ന അൺബ്ലീച്ച്ട് തുണിത്തരങ്ങളുടെ നല്ലൊരു പങ്ക് മാലേഗാവിൽനിന്നാണ്. ഈ നഗരത്തിന് മറ്റുചില പ്രത്യേകതകൾ കൂടിയുണ്ട്. മുസ്‌ലിം ഭൂരിപക്ഷ വ്യവസായകേന്ദ്രം എന്നതാണൊന്ന്. കുറേകാലമായി വർഗീയാസ്വാസ്ഥ്യം മാറാത്ത തലവേദനപോലെ നിലനിൽക്കുന്ന നഗരം എന്നതും ഒരു പ്രത്യേകതയാണ്. ചിലപ്പോഴത് ഭീകരമായി പൊട്ടിത്തെറിക്കും. കഴിഞ്ഞ സെപ്റ്റംബർ 8-ന് മാലേഗാവ് മസ്ജിദിലുണ്ടായ സ്ഫോടനത്തിൽ 26 പേർ മരിക്കുകയും നൂറിലേറെപ്പേർക്ക് പരിക്കേൽക്കുകയുമുണ്ടായി.

ഇന്ത്യയിലെ ഏറ്റവും അവഗണിക്കപ്പെട്ട വ്യവസായ നഗരം എന്നതാണ് മാലേഗാവിന്റെ മറ്റൊരു പ്രത്യേകത. മില്ലുകൾകൊണ്ട് സമ്പന്നമായ ഈ നഗരം പഴഞ്ചൻ ഉൽപാദനരീതികളാണ് പിന്തുടരുന്നത്. ഇലക്ട്രിസിറ്റിയുടെ ദൗർലഭ്യവും ഗവൺമെന്റിന്റെ നിഷേധാത്മകവും നിസ്സഹകരണാത്മകവുമായ സമീപനവും ഈ വ്യവസായനഗരത്തെ മരണവക്ത്രത്തിലേക്ക് തള്ളിക്കൊണ്ടിരിക്കുകയാണ്. ആവശ്യത്തിന് സ്കൂളുകളോ ഉന്നതവിദ്യാഭ്യാസ സൗകര്യങ്ങളോ ആരോഗ്യപരിപാലന സ്ഥാപനങ്ങളോ ഇല്ല. മസ്ജിദ് സ്ഫോടനത്തിൽ പരിക്കേറ്റവരെ കൊണ്ടുചെന്നപ്പോൾ മുറിവ് കെട്ടാനുള്ള സാമഗ്രികൾ പോലും അവിടത്തെ സർക്കാർ ആശുപത്രിയിൽ ആവശ്യത്തിനുണ്ടായിരുന്നില്ല. ജീവൻരക്ഷാ ഔഷധങ്ങൾ തീരെയില്ലായിരുന്നു. ഒടുവിൽ ആളുകൾക്ക് സ്വകാര്യ ക്ലിനിക്കുകളെ ആശ്രയിക്കേണ്ടിവന്നു. നഗരവാസികളിൽ 50 ശതമാനവും ചേരികളിലാണ് താമസിക്കുന്നത്. അറുപതു ശതമാനം വീടുകൾക്കും കക്കൂസില്ല.

6 ലക്ഷം ജനങ്ങളുള്ള മാലേഗാവിൽ 75 ശതമാനവും മുസ്‌ലിംകളാണ്. അതുതന്നെയാണ് ഈ വ്യവസായകേന്ദ്രം അവഗണനയുടെ പടുകുഴിയിൽ തള്ളപ്പെട്ടതിന്റെ കാരണവും. 1857-ലെ സ്വാതന്ത്ര്യപ്രക്ഷോഭത്തെത്തുടർന്ന് ഉത്തർപ്രദേശിൽനിന്ന് കുടിയേറിയവരാണ് ഇവിടത്തെ മുസ്‌ലിംകളിലധികവും. നഗരത്തിൽ ടെക്സ്റ്റൈൽ വ്യവസായം വളർത്തിയതും അവർതന്നെ. പക്ഷേ, സ്വാതന്ത്ര്യാനന്തരം സർക്കാറിന്റെ അവഗണനയും വർഗീയാസ്വാസ്ഥ്യവും നഗരത്തെ മുരടിപ്പിച്ചു. മസ്ജിദ് സ്ഫോടനത്തിൽ പോലും യഥാർഥ പ്രതികളെ പിടികൂടാൻ ശ്രമിക്കാതെ കുറ്റം മുസ്‌ലിംകളുടെ തലയിൽ തന്നെ വെച്ചുകെട്ടുകയാണ് സർക്കാർ ചെയ്തത്. മാലേഗാവ് നഗരസഭയും അതുൾപ്പെടുന്ന അസംബ്ലി-പാർലമെന്റ് സീറ്റുകളും കോൺഗ്രസ്സിന്റെ കുത്തകയാണ്. ജനപ്രതിനിധികൾ മുറക്കു തെരഞ്ഞെടുക്കപ്പെടുമെങ്കിലും അവർ നഗരത്തിനുവേണ്ടി ഒന്നും ചെയ്യാറില്ല. അല്ലെങ്കിൽ അവർക്കതിനു കഴിയാറില്ല. തെരഞ്ഞെടുക്കപ്പെടുന്നവരുടെ ഗുണത്തിനുവേണ്ടി മാത്രമായിരുന്നു ജനങ്ങൾ സമ്മതിദാനാവകാശം ഉപയോഗിച്ചിരുന്നത്. അടുത്തകാലത്ത് അവർ സ്വയം ചോദിച്ചു തുടങ്ങി: ഇങ്ങനെ അവഗണിക്കപ്പെടാനാണോ ഞങ്ങൾ വോട്ടവകാശം വിനിയോഗിക്കേണ്ടത്? ഈവിധം ശിക്ഷിക്കപ്പെടാൻ ഞങ്ങളെന്തു കുറ്റം ചെയ്തു? ആവശ്യങ്ങൾ ഉത്തരവാദപ്പെട്ടവരുടെ ചെവിയിലെത്തിക്കാനും അവകാശങ്ങൾ നേടിയെടുക്കാനുമുള്ള ആയുധമാണ് ജനാധിപത്യവ്യവസ്ഥിതിയിൽ സമ്മതിദാനാവകാശമെന്ന് അവർ തിരിച്ചറിഞ്ഞു. ആ തിരിച്ചറിവിന്റെ ഫലമാണ് ഈയിടെ രൂപംകൊണ്ട ഇന്ത്യൻ മുസ്‌ലിം കോൺഗ്രസ്സ്(ഐ.എം.സി) എന്ന രാഷ്ട്രീയ പാർട്ടി.

മതപണ്ഡിതന്മാരും പരമ്പരാഗത രാഷ്ട്രീയക്കാരല്ലാത്ത സമുദായ നേതാക്കളും ചേർന്നാണീ പാർട്ടി രൂപീകരിച്ചത്. പ്രമുഖ പണ്ഡിതനും നഗരത്തിലെ ജുമുഅ മസ്ജിദിൽ മുഖ്യ ഇമാമുമായ മുഫ്തി മുഹമ്മദ് ഇസ്മാഈൽ ഖാസിമിയാണ് ഐ.എം.സിയുടെ പ്രസിഡന്റ്. ഒരു ബിസിനസ് കുടുംബത്തിൽ അംഗമായ ഇദ്ദേഹം നിസ്വാർഥനായ സമുദായ സേവകൻ എന്ന ഖ്യാതി നേരത്തേ നേടിയിരുന്നു. എങ്കിലും ഈയിടെ മാത്രം രൂപീകൃതമായ ഐ.എം.സി അതിന്റെ കന്നി തെരഞ്ഞെടുപ്പങ്കത്തിൽ തന്നെ മുനിസിപ്പൽ കോർപറേഷനിലെ ഏറ്റവും വലിയ ഒറ്റകക്ഷിയായത് അമ്പരപ്പോടെയാണ് വീക്ഷിക്കപ്പെടുന്നത്. 72 അംഗ കോർപറേഷൻ കൗൺസിലിൽ 26 സീറ്റുകളാണ് ഐ.എം.സി നേടിയത്. പതിമൂന്നു സീറ്റുകളിൽ പാർട്ടി പരാജയപ്പെട്ടത് 5 മുതൽ 13 വരെ വോട്ടുകൾക്കാണ്.

ഐ.എം.സിക്ക് നഗരഭരണം ഏറ്റെടുക്കാൻ പുറത്തുനിന്ന് പതിനൊന്നു പേരുടെ പിന്തുണവേണം. 15 സീറ്റുള്ള കോൺഗ്രസ്സിന്റെ പിന്തുണയാണ് ഐ.എം.സി ന്യായമായും പ്രതീക്ഷിച്ചത്. പക്ഷേ, കോൺഗ്രസ് ആദ്യം പുറംതിരിഞ്ഞുനിന്നു. ഐ.എം.സിയെ ഒറ്റപ്പെടുത്താനുള്ള ഈ ശ്രമം പക്ഷേ, പാളിപ്പോയി. സന്ദർഭം മുതലെടുത്ത് 7 അംഗങ്ങളുള്ള ശിവസേനയും 2 അംഗങ്ങളുള്ള നവ നിർമാൺ സേനയും രണ്ടു സ്വതന്ത്രന്മാരും ഐ.എം.സിയെ പിന്തുണക്കാൻ മുന്നോട്ടുവന്നു. ഡെപ്യൂട്ടി മേയർ സ്ഥാനം ശിവസേനക്കു നൽകുക, ഒരു ഐ.എം.സി നിവേദക സംഘം ബാൽതാക്കറെയെ ചെന്നുകാണുക - ഈ രണ്ട് ഡിമാന്റുകളാണവരുന്നയിച്ചത്. ഗത്യന്തരമില്ലാത്തതുകൊണ്ട് ശിവസേനയുടെ പിന്തുണ സ്വീകരിക്കുന്നതിനെക്കുറിച്ച് ഐ.എം.സി ചിന്തിച്ചു തുടങ്ങി. ഇതറിഞ്ഞ കോൺഗ്രസ്, ഐ.എം.സിയെ പിന്തുണക്കാൻ തയാറാവുകയായിരുന്നു. അങ്ങനെ ഇന്ത്യൻ മുസ്‌ലിം കോൺഗ്രസുകാരനായ നജ്മുദ്ദീൻ ഗുൽസാർ മാലേഗാവ് മേയറായി അധികാരമേറ്റു. ഡെപ്യൂട്ടി മേയർസ്ഥാനം കോൺഗ്രസ്സിനാണ്.

നഗരത്തിന്റെ വികസനവും സാമുദായിക സൗഹാർദവുമാണ് തെരഞ്ഞെടുപ്പു വേളയിൽ ഐ.എം.സി ഉയർത്തിയ മുഖ്യ വിഷയങ്ങൾ. തങ്ങളുന്നയിച്ച വിഷയങ്ങളിൽ ജനങ്ങൾക്കുള്ള താൽപര്യമാണ് തെരഞ്ഞെടുപ്പിൽ വെളിപ്പെട്ടതെന്ന് ഐ.എം.സി നേതാക്കൾ പറയുന്നു. ജനങ്ങൾ തങ്ങളിലർപ്പിച്ച പ്രതീക്ഷ സഫലീകരിക്കുന്നതിലായിരിക്കും ഇനി പാർട്ടിയുടെ മുഴുശ്രദ്ധയെമെന്ന് മുഫ്തി മുഹമ്മദ് ഇസ്മാഈൽ വ്യക്തമാക്കി.

പള്ളിയിൽ ഇമാമായ ഒരു മൗലാന ഒരു രാഷ്ട്രീയ പാർട്ടി രൂപീകരിക്കുക! നഗരസഭയിലേക്കാണെങ്കിലും, ഒന്നാമത്തെ തെരഞ്ഞെടുപ്പിൽ തന്നെ ആ പാർട്ടി ദേശീയ കക്ഷികളെയും പ്രാദേശിക പാർട്ടികളെയും പിന്നിലാക്കി ഏറ്റവും വലിയ ഒറ്റക്കക്ഷിയായി വിജയിക്കുക! ഇത് രാഷ്ട്രത്തെ മുഴുവൻ അത്ഭുതപ്പെടുത്തിയിരിക്കുന്നു. വാസ്തവത്തിൽ അത്ഭുതപ്പെടാനൊന്നുമില്ല. മാലേഗാവ് മസ്ജിദിലെ മുഖ്യ ഇമാം ചെയ്തത് അദ്ദേഹത്തിന്റെ മുഖ്യചുമതല തന്നെയാണ്; അതു ചെയ്യേണ്ട രീതി അദ്ദേഹം സ്വീകരിച്ചതുതന്നെയോ എന്ന കാര്യത്തിൽ അഭിപ്രായാന്തരമുണ്ടാകാമെങ്കിലും. ഇമാമുമാർ ഏതു രംഗത്തും ജനങ്ങളെ നയിക്കേണ്ടവരാണ്. അറിവും ആത്മാർഥതയുമുള്ളവർക്ക് അതിനു കഴിയുകയും ചെയ്യും. അത്തരം മതപണ്ഡിതന്മാർ ഏതു സംരംഭത്തിലിറങ്ങിയാലും ജനങ്ങൾ അവരുടെ പിന്നിലുണ്ടാകുമെന്നും ഉണ്ടാകണമെന്നുമാണ് മാലേഗാവിലെ കോർപറേഷൻ തെരഞ്ഞെടുപ്പ് ഫലം നൽകുന്ന പാഠം. ■